**<u>നഗരാസൂത്രകന്റെ കാര്യാലയം,</u>**

**<u>ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224,</u>**

email- tpidk.lsgdplng@kerala.gov.in

**<u>നടപടിക്രമം</u>**

**<u>(ഹാജർ രാജേഷ് റ്റി.എൻ, നഗരാസൂത്രകൻ)</u>**

വിഷയം: പെരുവന്താനം ഗ്രാമപഞ്ചായത്ത് - ഗ്രൂപ്പ് എ 1 പാരീഷ് കെട്ടിട നിർമ്മാണം- സ്ഥലവിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: 1.പെരുവന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/05/2021, 29/07/2021 എന്നീ തീയതികളിലെ കത്തുകൾ.
2. വികാർ, സെന്റ് ജോർജ്ജ് സിറിയൻ ക്രസ്ത്യൻ ചർച്ച്, പാലൂർക്കാവ് എന്നാളുടെ അപേക്ഷയും പ്ലാനുകളും.

**<u>ഉത്തരവ് നമ്പർ TCPIDK/144/2021 – D1 തീയതി 06/08/2021</u>**

പീരുമേട് താലൂക്കിൽ, പെരുവന്താനം ഗ്രാമപഞ്ചായത്തിൽ, പെരുവന്താനം വില്ലേജിൽ സർവ്വേ നമ്പർ 900/3,900/4,901/1-15-ൽപ്പെട്ട 6444.50 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് നിലവിലുള്ള 1652.18 ച.മീ. (ചർച്ച്, പാരീഷ് ഹാൾ. Store 1, Generator Room, Milk Society Building & Cemetery)നിർമ്മാണങ്ങൾ കൂടാതെ നിലവിലുണ്ടായിരുന്ന പാരീഷ് ഹൗസ് (കെട്ടിട നമ്പർ XI/III) പൊളിച്ചു നീക്കി പുതിയ 193.52 ച.മീ. പാരീഷ് ഹൗസ് കെട്ടിടം പുനർ നിർമ്മിക്കുന്നതിനായി [1652.18 (Existing)+ 193.52 (Proposed)= 1845.7 ച.മീ.] പരാമർശം (1) മുഖേന ലഭിച്ച ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം കെ.പി.ബി.ആർ. 2019 ചട്ടം 5(6)(1) പ്രകാരമുള്ള വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ. 2019 ചട്ടം 30 (സി) പ്രകാരം സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ - ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു. ചട്ടങ്ങൾക്ക് വിധേയമായി പഞ്ചായത്തിൽ നിന്ന് കെട്ടിട നിർമ്മാണാനുമതി വാങ്ങേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ 2019 ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം എന്നിവയും ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉൾപ്പെടുന്നില്ലായെന്നും, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാലിച്ചുകൊണ്ടാണ് എന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. നിർമ്മാണം കെ.പി.ബി.ആർ 2019 -നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
3. നിലവിലുള്ള നിയമപ്രകാരം (കെ.പി.ബി.ആർ 2019 ചട്ടം 5(4)) മറ്റ് വകുപ്പുകൾ, ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ അനുമതികൾ, അംഗീകാരങ്ങൾ എന്നിവ ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. കെ.പി.ബി.ആർ 2019 ചട്ടം 79(എ) പ്രകാരമുള്ള Construction and Demolition Waste Management സംവിധാനം അപെഷകൻ ഉറപ്പ് വരുത്തണം.
5. സൈറ്റ് പ്ലാൻ പ്രകാരം നിലവിലുള്ള എല്ലാ നിർമ്മാണങ്ങളും അംഗീകൃത നിയമാനുസൃത നിർമ്മാണങ്ങൾ ആണ് എന്ന് നിർമ്മാണാനുമതി നൽകുന്നതിനു മുൻപ് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തണം.
6. സൈറ്റ് പ്ലാൻ പ്രകാരം വിഭാവനം ചെയ്തിട്ടുള്ള കാർ പാർക്കിംഗ്,

ഗതാഗതയോഗ്യമായ ഇന്റേണൽ റോഡ് എന്നിവ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.

RAJESH T N, TP TPIDK, O/o TP TPIDK

Signature Not Verified
Digitally signed by RAJESH T N
Date: 2021.08.06 13:27:12 IST
Reason: Approved

ഉള്ളടക്കം : അംഗീകൃത പ്ലാനിന്റെ പകർപ്പ്

To

സെക്രട്ടറി,പെരുവന്താനം ഗ്രാമപഞ്ചായത്ത്

പകർപ്പ് : 1 വികാർ,
സെന്റ് ജോർജ്ജ് സിറിയൻ ക്രസ്റ്റ്യൻ ചർച്ച്, പാലൂർക്കാവ്.
2. കരുതൽ.
3. അധികം